(സി) പ്രസ്തുത ടൂറിസം വികസന പദ്ധതികൾ എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) കാസർഗോഡ് തളങ്കര ബീച്ചിൽ കുട്ടികളുടെ പാർക്കും പൂന്തോട്ടവും സ്ഥാപിച്ച് ദീപാലങ്കാരത്തോടെ വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാണിപുരം ഇക്കോ ടൂറിസം പദ്ധതി, കാസർഗോഡ് ബീച്ച് വികസന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. മോട്ടൽ ആരാമിന്റെ നിർമ്മാണം പൂർത്തിയാക്കി. നീലേശ്വരം-വലിയപറമ്പ റോഡ് നവീകരണം നടന്നുവരുന്നു. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിലും ബേക്കൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ബേക്കൽ കോട്ടയിൽ ഒരു ലൈറ്റ് ആന്റ് സൗണ്ട് പ്രോജക്ട് നടപ്പാക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണം സംബന്ധിച്ച് പ്രാഥമിക പ്രവർത്തനം ആയിട്ടേയുള്ളൂ.

(ഡി) കാസർഗോഡ് ബീച്ചിന്റെ വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അമിനിറ്റി സെന്റർ, ടോയ്ലറ്റ്, ബീച്ച് സെന്റർ, റെയിൻഷെൽറ്റർ 5 എണ്ണം, പേവിംഗ് ഷേഡ്, ലാന്റ് സ്കേപ്പിംഗ്, ദീപാലങ്കാരം എന്നിവയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവൃത്തികൾ.

തുമ്പൂർമുഴി ബട്ടർഫ്ലൈ പാർക്ക്

129(421) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുമ്പൂർമുഴിയിൽ ദിനംപ്രതി എത്തുന്ന വിനോദസഞ്ചാരികളുടെ ശരാശരി കണക്ക് അറിയിക്കുമോ;

(ബി) സഞ്ചാരികളെ കൂടുതൽ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ തുമ്പൂർമുഴിയിൽ ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ഡി) ബട്ടർഫ്ലൈ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറിയ ടൂറിസം ഡെസ്റ്റിനേഷനുകളിൽ എത്തുന്ന സഞ്ചാരികളുടെ എണ്ണം കണക്കാക്കാറില്ല.

(ബി-ഡി) തുമ്പൂർമുഴിയിൽ ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം ടൂറിസം വകുപ്പിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly